# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - മലയാള വിഭാഗം അദ്ധ്യാപകർ - ഡോ. ആർ.ബി. ശ്രീകല, ഡോ. ഇ. ബാനർജി, ഡോ. ഇന്ദുശ്രീ എസ്.ആർ. എന്നിവർക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

---

ഉത്തരവ് നം.എ 2/15335/2018/കോവി.വ തീയതി: 01/09/2018

---

പരമാർശം :- 1) 04/05/2018 തീയതിയിലെ എ 2/7907/2018/കോ.വി.വ. നമ്പർ ഉത്തരവ്.

2) ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 03/07/2018 തീയതിയിലെ എച്ച്.ആർ.എം.പി. നമ്പർ 3460/2018 ഉത്തരവ്.

3) ഡോ. ഇന്ദുശ്രീ എസ്.ആർ. -ന്റെ 12/07/2018 -ലെ അപേക്ഷ.

## ഉത്തരവ്

പരമാർശം (1) ലെ മലയാള വിഭാഗം അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം തിരുവനന്തപുരം സർക്കാർ സംസ്കൃത കോളേജിലെ മലയാള വിഭാഗം അദ്ധ്യാപികയായ ഡോ. ആർ.ബി. ശ്രീകലയെ പട്ടാമ്പി ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ ക്യാൻസർ രോഗത്തിന് തുടർ ചികിത്സ ആവശ്യമായിട്ടുള്ളതിനാൽ ഡോ ആർബി ശ്രീകലയെ പട്ടാമ്പി ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിലേക്ക് മാറ്റിയ നടപടി റദ്ദ് ചെയ്ത് തിരുവനന്തപുരം ജില്ലയിലെ മറ്റേതെങ്കിലും കോളേജിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന് പരമാർശം (2) പ്രകാരം ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

കൊല്ലം ഹോം സ്റ്റേഷനായിട്ടുള്ള കെ.കെ.റ്റി.എം. സർക്കാർ കോളേജിലെ മലയാള വിഭാഗം അദ്ധ്യാപികയായ ഡോ. ഇന്ദുശ്രീ. എസ്.ആർ. -ന് തഴവ സർക്കാർ ആർട്സ് & സയൻസ് കോളേജിൽ പുതുതായി സൃഷ്ടിച്ച ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സർക്കാർ കോളേജ് അദ്ധ്യാപകരുടെ നിലവിലുള്ള പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ചുവടെ ചേർക്കും പ്രകാരം ഈ വകുപ്പിലെ മലയാള വിഭാഗം അദ്ധ്യാപകർക്ക് സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

51488 GOVERNMENT OF KERALA 2017-18

| ക്രമ നം. | അദ്ധ്യാപകന്റെ/ അദ്ധ്യാപികയുടെ പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റം നൽകുന്ന സ്ഥാപനം |
|---|---|---|---|
| 1 | ഡോ. ആർ.ബി. ശ്രീകല | ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി, പാലക്കാട് | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം (ഡോ. ഇ. ബാനർജി -യെ സ്ഥലം മാറ്റുന്ന ഒഴിവിൽ) |
| 2 | ഡോ.ഇ. ബാനർജി<br>(നിർബന്ധിത സ്ഥലംമാറ്റം) | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി, പാലക്കാട് (ഡോ. ആർ.ബി. ശ്രീകല -യ്ക്ക് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ) |
| 3 | ഡോ. ഇന്ദുശ്രീ.എസ്.ആർ<br>(അപേക്ഷ) | കെ.കെ.റ്റി.എം. ഗവൺമെന്റ് കോളേജ്, പുല്ലൂറ്റ്, തൃശ്ശൂർ | കരുനാഗപ്പള്ളി തഴവ സർക്കാർ ആർട്സ് & സയൻസ് കോളേജ് (നിലവിലെ ഒഴിവിൽ) |

സ്ഥലംമാറ്റപ്പെട്ട അദ്ധ്യാപകർ ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം മേൽ പട്ടികയിലെ സ്ഥലംമാറ്റിയ സ്ഥാപനങ്ങളിലേയ്ക്ക് ജോലിയിൽ പ്രവേശിക്കേണ്ടതും ജോലി യിൽ നിന്നും വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ രേഖകൾ, ആർ.റ്റി.സി. സഹിതം അതാതു കോളേജിലെ മേലധികാരികൾ ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-
ഹരിത വി. കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

<u>പകർപ്പ്:-</u>

1. ബന്ധപ്പെട്ട അദ്ധ്യാപർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള
4. ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
5. കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//
സൂപ്രണ്ട്

വൈ.റ്റി. 4/9/18



GOVERNMENT OF KERALA 2017-18